BA

16446

കേരള സർക്കാർ

<u>സംഗ്രഹം</u>

വിവര പൊതുജന സമ്പർക്ക വകുപ്പ് - തനിനിറം എക്സ്പ്രസ്, സിറ്റി ജേർണൽ എന്നീ പത്രങ്ങളെ മീഡിയ ലിസ്റ്റിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**ഇൻഫർമേഷൻ & പബ്ളിക്ക് റിലേഷൻസ് (ഡി) വകുപ്പ്**

**സ.ഉ(സാധാ)നം. 236/2018/ഐ&പി.ആർ. തിരുവനന്തപുരം, തീയതി: 23.08.2018**

================================================================================

പരാമർശം:- (1) 08.12.2015-ലെ സഉ(അച്ചടിച്ചത്)നം. 17/15/ഐ&പി.ആർ.ഡി
(2) 27.03.2017-ലെ 2981/ഡി1/17/ഐ&പി.ആർ നമ്പർ കത്ത്
(3) കൊല്ലം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ 05.12.2017-ലെ 310/2014/ആർ.ഡി.ഡി നമ്പർ കത്ത്

<u>**ഉത്തരവ്**</u>

മാവേലിക്കരയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന തനിനിറം എക്സ്പ്രസ്, തൃശ്ശൂരിൽ നിന്നും പ്രസിദ്ധീകരിക്കുന്ന സിറ്റി ജേർണൽ എന്നീ ദിനപത്രങ്ങളെ പി.ആർ.ഡി മീഡിയ ലിസ്റ്റിൽ 'A' കാറ്റഗറിയിൽ ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (2)-ലെ കത്ത് പ്രകാരം എറണാകുളം റീജിയണിന് കീഴിലുള്ള തനിനിറം എക്സ്പ്രസ്, തൃശ്ശൂർ റീജിയണിന് കീഴിലുള്ള സിറ്റി ജേർണൽ എന്നീ പത്ര സ്ഥാപനങ്ങളിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കൊല്ലം മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കൊല്ലം മേഖലാ ഡെപ്യൂട്ടി ഡയറക്ടർ പ്രസ്തുത പത്രസ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും തനിനിറം എക്സ്പ്രസ്, സിറ്റി ജേർണൽ എന്നീ ദിനപ്പത്രങ്ങൾ ഇപ്പോൾ പ്രസിദ്ധീകരിക്കുന്നില്ല എന്ന് പരാമർശം (3) ലെ കത്ത് പ്രകാരം റിപ്പോർട്ട് നൽകുകയും ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ തനിനിറം എക്സ്പ്രസ്, സിറ്റി ജേർണൽ എന്നീ ദിനപത്രങ്ങളെ മീഡിയ ലിസ്റ്റിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പി. വേണുഗോപാൽ IAS**
സെക്രട്ടറി

To
അഡ്വർടൈസ്മെന്റ് മാനേജർ, തനിനിറം എക്സ്പ്രസ്/സിറ്റിജേർണൽ
എല്ലാ വകുപ്പ് തലവൻമാർക്കും

സെക്രട്ടേറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും
രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം (ആമുഖകത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖകത്ത് സഹിതം)
രജിസ്ട്രാർ, കേരള/മഹാത്മാഗാന്ധി/കോഴിക്കോട്/കണ്ണൂർ/കാർഷിക സർവ്വകലാശാല/
കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി/മലയാളം സർവ്വകലാശാല
എല്ലാ ബോർഡുകളുടെയും, കോർപ്പറേഷനുകളുടേയും, തദ്ദേശസ്വയംഭരണ
സ്ഥാപനങ്ങളുടെയും, സ്വയംഭരണ സ്ഥാപനങ്ങളുടെയും ഡയറക്ടർമാർക്ക്
എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
രജിസ്ട്രാർ, സി-ഡിറ്റ് തിരുവനന്തപുരം (വെബ്സൈറ്റിൽ ഉൾപ്പെടുത്താനായി)
പി.ആർ.ഡി വെബ്സൈറ്റ് (www.prd.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:-

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി/ എല്ലാ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക് /
അഡീഷണർ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
വിവര-പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടറുടെ സി.എ യ്ക്ക്
ഡെപ്യൂട്ടി ഡയറക്ടർ I, II,III / എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
പരസ്യവിഭാഗം ഇൻഫർമേഷൻ ഓഫീസർ /

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**മേലെഴുത്ത് കത്ത് നം.ബി4-16446/2018/ഡി.ഐ.എം.എസ്. തീയതി, 05/10/2018**

**മേൽ സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കായി ഉള്ളടക്കം ചെയ്യുന്നു.**

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്ക വേണ്ടി**

സ്വീകർത്താവ്.

1) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ,
ഉത്തരമേഖല, കോഴിക്കോട്/ മദ്ധ്യമേഖല, എറണാകുളം /
ദക്ഷിണമേഖല, കൊല്ലം.

2) എല്ലാ സെക്ഷനുകൾക്കും

3) ഫയൽ/സ്റ്റോക്ക് ഫയൽ.

എസ്.റ്റി.ജെ/-